# പാശ്ചാത്യ ഗുരുദർശനം

**ഫാ. ഡോ. കെ. എം. ജോർജ്ജ്**

ക്രിസ്തീയ പാരമ്പര്യത്തിലെ ഗുരുസങ്കല്പം പ്രധാനമായും യഹൂദ പൈതൃകത്തിൽ നിന്നു ലഭിച്ചതാണ്. 'റാബി' എന്ന എബ്രായ പദത്തിനർത്ഥം ഗുരു (Teacher) എന്നാണ്. യേശുക്രിസ്തുവിനെ തന്റെ ശിഷ്യന്മാർ ഗുരു എന്നാണ് ആദ്യകാലങ്ങളിൽ അഭിസംബോധന ചെയ്തിരുന്നത്. ശിഷ്യന്മാർ മാത്രമല്ല, യേശുവിനോടു ബഹുമാനം ഉണ്ടായിരുന്ന പലരും 'റാബീ' അല്ലെങ്കിൽ 'റബ്ബൂനീ' (എന്റെ ഗുരു) എന്ന് വിളിക്കാറുണ്ടായിരുന്നു. യഹൂദ രീതിയനുസരിച്ച് വേദവ്യാഖ്യാതാവാണ് റാബി. പണ്ഡിതരായ വ്യാഖ്യാതാക്കളെന്ന നിലയിൽ അവർക്ക് ജനങ്ങൾ ഗുരുപ്പട്ടം നൽകിയിരുന്നു. സാധാരണഗതിയിൽ ഒരാചാര്യന്റെ കീഴിൽ ദീർഘമായ പഠനത്തിനുശേഷമാണ് ഒരാൾ ഔദ്യോഗികമായി ഗുരുവായി അംഗീകരിക്കപ്പെടുന്നത്. ബൈബിളിൽ ഇതിന് ഒരു നല്ല ഉദാഹരണമാണ് അപ്പോസ്തോലനായ പൗലോസ് നൽകുന്നത്. അദ്ദേഹത്തിന്റെ തന്നെ വിവരണമനുസരിച്ച് ഗമാലിയേൽ എന്ന പ്രശസ്തനായ ഒരു ഗുരുവിന്റെ പാദപീഠത്തിങ്കലിരുന്ന് യഹൂദന്മാരുടെ വേദം അഥവാ ന്യായപ്രമാണം (എബ്രായ ഭാഷയിൽ 'തോറ') അതിന്റെ സകല വിശദാംശങ്ങളിലും നിഷ്ക്കർഷയോടെ പഠിച്ച ഒരാളായിരുന്നു അദ്ദേഹം. ആധുനിക ഭാഷയിൽ പറഞ്ഞാൽ ഏതെങ്കിലുമൊരു വിഷയത്തിൽ ഉന്നതബിരുദങ്ങൾ നേടി ഗവേഷണങ്ങൾ നടത്തി പരിണിതപ്രജ്ഞനായ ഒരു പണ്ഡിതഗുരുവിനെയാണ് പൗലോസ് അപ്പോസ്തോലൻ കാണിച്ചുതരുന്നത്.

എന്നാൽ യേശുക്രിസ്തു ഔപചാരിക വിദ്യാഭ്യാസം നടത്തിയിട്ടില്ല. ഒരു വാക്കുപോലും എഴുതിയിട്ടുമില്ല. പക്ഷേ, യേശുവിന്റെ പ്രബോധനങ്ങളും രീതികളും പെട്ടെന്ന് സാധാരണജനങ്ങളെ ആകർഷിക്കുകയും അവർ മറ്റൊന്നും അന്വേഷിക്കാതെ അദ്ദേഹത്തെ ഗുരു എന്നു വിളിക്കുകയും ചെയ്തു. യഹൂദ മതാധ്യക്ഷന്മാരും ഔദ്യോഗിക ഗുരുക്കന്മാരായ പരീശന്മാരും ശാസ്ത്രിമാരും അതുകൊണ്ട് ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ പ്രധാനപ്പെട്ട ഒരു വിമർശനം 'അവനു പഠിപ്പില്ല' എന്നായിരുന്നു. ബൈബിൾ സാക്ഷ്യമനുസരിച്ച് ക്രിസ്തു പാലസ്തീൻ പ്രദേശത്തിനു പുറത്തുപോവുകയോ അന്ന് സാധാരണ യഹൂദന്മാർക്ക് അറിവുണ്ടായിരുന്ന ഭാഷകളല്ലാതെ മറ്റൊന്നും പഠിക്കുകയോ ചെയ്തിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്ന് ഉതിർന്നുവീണ 'ലാവണ്യമുള്ള വാക്കുകൾ കേട്ട് ജനങ്ങൾ അത്ഭുതം കൂറി' എന്ന് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഔദ്യോഗികമായ ഗുരു പരിശീലനം കിട്ടിയ അപ്പോസ്തോലനായ പൗലോസ് താൻ ആർജ്ജിച്ച സകല വിജ്ഞാനത്തെയും 'ചവറ് എന്നെണ്ണി', യാതൊരു പരിശീലനവും ലഭിക്കാത്ത നസ്രായനായ യേശുവിനെ മഹാഗുരുവായി സ്വീകരിച്ചു.

ക്രിസ്തുവിന്റെ ഗുരുമാതൃക ഇവിടെ പരിഗണിക്കേണ്ടതാണ്. ഔപചാരികമായ പരിശീലനമല്ല, അദമ്യമായ ആന്തരികസത്യദർശനമാണ് ഇവിടെ യേശുവിനെ ഗുരുവാക്കി മാറ്റുന്നത്. ജനങ്ങൾ നൽകുന്ന ഈ ഗുരുപ്പട്ടത്തിൽ യേശു അഭിരമിക്കുന്നില്ല. "നല്ലവനായ ഗുരോ" എന്ന് ഒരു ധനാഢ്യനായ യുവാവ് അദ്ദേഹത്തെ അഭിസംബോധന ചെയ്തപ്പോൾ യേശു അത് നിഷേധിക്കുന്നു. "ദൈവമല്ലാതെ നല്ലവൻ ആരുമില്ല" എന്നു പറഞ്ഞ് ആ യുവാവിന്റെ നിഗൂഢമായ കപടലക്ഷ്യത്തെ ഒറ്റയടിക്ക് യേശു തകർത്തുകളയുന്നു. തന്നെ ഗുരുവായി ആരാധിച്ചു തുടങ്ങിയവരോട് മറ്റൊരവസരത്തിൽ യേശു പറഞ്ഞു: "ഈ ലോകത്തിൽ ആരെയും നിങ്ങൾ ഗുരു എന്നു വിളിക്കരുത്. ദൈവമല്ലാതെ മറ്റൊരു ഗുരു നിങ്ങൾക്കില്ല." അതുല്യനായ ഒരു ലോകഗുരുവിന്റെ നിഷേധ പ്രസ്താവനകളാണ് ഇവ. ചുരുക്കത്തിൽ ഗുരു ആത്മനിഷേധം നടത്തുകയാണ്. ഗുരുപ്പട്ടത്തിന്റെ എല്ലാ കപടമൂല്യങ്ങളെയും ശ്രേണീചിന്തയെയും തിരസ്കരിച്ചുകൊണ്ട് മൗലികമായ ഒരു 'അപനിർമ്മാണം' (Deconstruction) നടത്തുകയാണ് യേശു എന്ന ഗുരു. അതായത് തൻകാര്യം നേടാൻ

വേണ്ടിയോ അന്ധമായ ആരാധന മൂലമോ വ്യക്തിപൂജയിലേക്ക് വഴുതിവീഴുന്ന ഗുരുസങ്കൽപത്തെ ക്രിസ്തു തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഭസ്മീകരിക്കുന്നു. തന്റെ ക്രൂശുമരണത്തിനു മുമ്പായി സ്വന്തം ശിഷ്യന്മാരുടെ കാലുകൾ കഴുകുകയും 'ഇനി നിങ്ങൾ ദാസന്മാരല്ല, എന്റെ സ്നേഹിതന്മാരാണ്' എന്നു പറഞ്ഞ് അവരെ തനിക്കു സമന്മാരാക്കുകയും ചെയ്ത ഗുരുവിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. കുരിശിലെ ആത്മത്യാഗത്തോളം പോന്ന ആത്മനിഷേധമാണ് ഗുരുസ്ഥാനത്തിന്റെ അന്തസത്തയായി ക്രിസ്തു വെളിപ്പെടുത്തിയത്.

മേൽപ്പറഞ്ഞ രണ്ടു വ്യക്തിത്വങ്ങളുടെ ഉദാഹരണങ്ങൾ ക്രിസ്തീയ പാരമ്പര്യത്തിൽ പിന്നീട് നിലനിന്ന രണ്ട് ഗുരുസങ്കല്പങ്ങളെ സൂചിപ്പിക്കുന്നു. അവ തമ്മിൽ വൈരുദ്ധ്യം ഉണ്ടാവാതെ, ഉചിതമായി സമന്വയിപ്പിക്കാനുള്ള ശ്രമം നാം കാണുന്നുണ്ട്. വി. പൗലോസ് ഉദാഹരിക്കുന്നത് അന്നും ഇന്നും നിലനിൽക്കുന്ന പണ്ഡിതരായ ഗുരുക്കന്മാരുടെ പാരമ്പര്യമാണ്. നല്ല പ്രതിഭാശേഷിയുള്ള വിദ്യാർത്ഥികൾ പ്രഗത്ഭരായ ഗുരുക്കന്മാരുടെ കീഴിൽ പഠിച്ച് വിവിധ വിജ്ഞാനമേഖലകളിൽ സുശിക്ഷിതമായ പരിശീലനം നേടി വൈജ്ഞാനിക വ്യാഖ്യാതാക്കളും പുതിയ അറിവിന്റെ പ്രണേതാക്കളുമായി തീരുന്നു. വേദശാസ്ത്രത്തിലാണെങ്കിലും ഫിസിക്സിലോ ബയോളജിയിലോ ആണെങ്കിലും ഈ മാതൃക ഇന്നും നിലനിൽക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ മൂന്നാം നൂറ്റാണ്ടോടുകൂടി സന്യാസ പ്രസ്ഥാനം ആരംഭിച്ചപ്പോൾ പല സന്യാസിമാരും ഈ വൈജ്ഞാനിക ദൗത്യം ഏറ്റെടുത്തു. അതുകൊണ്ട് ക്രിസ്തീയ പാരമ്പര്യത്തിൽ അറിയപ്പെടുന്ന പല സഭാപിതാക്കന്മാരും തങ്ങളുടെ സന്യാസജീവിതത്തെയും വൈജ്ഞാനിക ദൗത്യത്തെയും സമന്വയിപ്പിച്ചവരാണ് (ഉദാഹരണമായി കപ്പഡോഷ്യൻ ഗുരുക്കന്മാർ എന്നറിയപ്പെടുന്ന കൈസര്യയിലെ ബസേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രിഗോറിയോസ്).

യൂറോപ്യൻ സംസ്കാരത്തിൽ ക്രിസ്തുവിന് പിമ്പ് ഏതാണ്ട് ആറാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റാണ്ടു വരെയുള്ള അഞ്ഞൂറു വർഷങ്ങൾ 'അന്ധകാരയുഗം' എന്നാണ് വിളിക്കപ്പെടുന്നത്. ഈ കാലഘട്ടത്തിൽ ജനങ്ങൾക്കും ഭരണാധികാരികൾക്കുപോലും എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. പ്രശസ്തനായ ചാർലിമെയ്ൻ ചക്രവർത്തി നിരക്ഷരനായിരുന്നു. ഈ കാലഘട്ടത്തിൽ സന്യാസിമാരാണ് എഴുത്തും വായനയും പരിശീലിച്ച്, ഇരുണ്ടയുഗത്തിൽ ഒരു തിരിവെളിച്ചം നിലനിർത്തിയത്. അതുകൊണ്ട് പാശ്ചാത്യവും പൗരസ്ത്യവുമായ ക്രിസ്തീയ പൈതൃകത്തിൽ സന്യാസിത്വവും ഗുരുസ്ഥാനവും തമ്മിൽ ചേർന്നുപോകാനിടയായി.

യൂറോപ്യൻ സംസ്കാരത്തിലും ഭാരതീയ സംസ്കൃതിയിലും വേദവ്യാഖ്യാതാവായിട്ടാണ് ഗുരു ഉയർന്നുവരുന്നത്. സെക്കുലർ ശാസ്ത്രം എന്നൊന്ന് അന്ന് ഇല്ലായിരുന്നല്ലോ? ഇന്ത്യയിലാണെങ്കിൽ വേദോപനിഷത്തുകളുടെ വ്യാഖ്യാനവും ആയുർവേദവൈദ്യശാസ്ത്രവും ഗണിതവിജ്ഞാനീയവും ജ്യോതിശാസ്ത്രവും മുതൽ നാട്യശാസ്ത്രവും കാമശാസ്ത്രവും വരെയുമുള്ള അതിവിപുലമായ വൈജ്ഞാനിക മേഖലകളെയെല്ലാം അടിസ്ഥാനപരമായി വേദവ്യാഖ്യാനത്തിന്റെ അനുബന്ധമായിട്ടാണ് എപ്പോഴും കണ്ടിരുന്നത്. ഈയൊരു സാകല്യ വീക്ഷണംകൊണ്ട് വേദവും മറ്റുതരത്തിലുള്ള വിജ്ഞാനവും തമ്മിൽ ഒരുതരത്തിലുമുള്ള സംഘർഷം ഇവിടെ ഉണ്ടായിട്ടില്ല. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ ഏതാണ്ട് 16–17 നൂറ്റാണ്ടുകൾ മുതൽ ഉരുത്തിരിഞ്ഞ നവോത്ഥാനവും ബോധോദയ പ്രസ്ഥാനവും (Enlightenment) വേദവ്യാഖ്യാനത്തെയും ഇതര വിജ്ഞാനത്തെയും തമ്മിൽ വേർതിരിച്ചു തുടങ്ങി. അവിടെയാണ് ആധുനിക ശാസ്ത്രത്തിന്റെയും ശാസ്ത്രീയരീതിയുടെയും ആരംഭം. പൂർണ്ണമായും യുക്ത്യാധിഷ്ഠിതമായ ഒരു വിശകലന സമ്പ്രദായം അവിടെ ആരംഭിക്കുകയും അതുവരെയുണ്ടായിരുന്ന യഹൂദക്രിസ്തീയ വേദാധിഷ്ഠിതമായ ലോകവീക്ഷണത്തെ മൗലികമായി ചോദ്യം ചെയ്തു തുടങ്ങുകയും ചെയ്തു. വിജ്ഞാന സമ്പാദനത്തിൽ ഒരു പുതിയ രീതിശാസ്ത്രം ഉരുത്തിരിഞ്ഞു. ഇതോടുകൂടി പാശ്ചാത്യസംസ്കാ

രത്തിൽ ഗുരുസങ്കല്പം മാറിത്തുടങ്ങി.

മുകളിൽ സൂചിപ്പിച്ച ബോധോദയ പ്രസ്ഥാനം വരെ പാശ്ചാത്യവും പൗരസ്ത്യവുമായ ഗുരുസങ്കല്പങ്ങൾ തമ്മിൽ വളരെ സമാനതകൾ ഉണ്ടായിരുന്നു. ഉദാഹരണമായി ശിഷ്യൻ ഗുരുവിനെ പിൻതുടരുന്നവനാണ്. പൂർണ്ണമായ അനുസരണവും ഭക്തിയും വിധേയത്വവും ഗുരുവിനോടു ശിഷ്യൻ കാണിക്കുന്നു. ഗുരുവചനങ്ങൾ ആധികാരികമായി ശിഷ്യേൻ സ്വീകരിക്കുന്നു. ഏതു ചോദ്യത്തിന്റെയും ആത്യന്തിക ഉത്തരം ഗുരു നൽകുന്നതാണ്. ഇത് ഇന്ത്യയിൽ ഏറ്റവും അക്ഷരികമായിത്തന്നെ നിർവഹിക്കപ്പെട്ടു. ഗുരുസേവ എന്നത് ഗുരുവിനെ ശാരീരികമായി ശുശ്രൂഷിക്കുന്നത് ഉൾപ്പെടെയുള്ള സമ്പൂർണ്ണ ശിഷ്യത്വമായിരുന്നു.

ആധുനികയുഗത്തിൽ പാശ്ചാത്യർക്കിടയിൽ നിന്നും ഈ സങ്കല്പം പൂർണമായും മാറി. ശാസ്ത്രീയ പുരോഗതിക്കാവശ്യമായത് ഗുരുവിനെ ചോദ്യം ചെയ്യലും നിഷേധിക്കലുമാണ്. അതായത് ഒരു ശാസ്ത്രീയ സിദ്ധാന്തം ഒരാൾ അവതരിപ്പിച്ചാൽ അതിനെ വിമർശിക്കാനും തിരുത്താനും വേണ്ടിവന്നാൽ സമൂലം നിഷേധിച്ച് പുതിയ ഒരു സിദ്ധാന്തത്തെ ആവിഷ്കരിക്കാനും അയാളുടെ ശിഷ്യന്മാർക്ക് കഴിഞ്ഞെങ്കിലേ ശാസ്ത്രം പുരോഗമിക്കുകയുള്ളു എന്നതാണ് ധാരണ. ഒന്നര സഹസ്രാബ്ദമായി പഠിച്ചുവന്ന ടോളമിയുടെ ഗണിതവും വാനശാസ്ത്രവും കോർപ്പനിക്കസ് തലകീഴായി മറിച്ചു. ഐസക് ന്യൂട്ടന്റെ അതിപ്രശസ്തമായ ഭൗതികസിദ്ധാന്തങ്ങൾ ഐൻസ്റ്റീനിലെത്തിയപ്പോൾ മൗലികമായി ചോദ്യം ചെയ്യപ്പെട്ടു. അധികം താമസിയാതെ ഐൻസ്റ്റീന്റെ അപ്രമാദിത്വവും ശാസ്ത്രത്തിൽ ചോദ്യം ചെയ്യപ്പെടാം. ഇവിടെ ഗുരുസങ്കല്പം എന്നു പറഞ്ഞാൽ ഗുരുചരണങ്ങളെ പിന്തുടരുന്ന ഗതാനുഗതികത്വമല്ല. സത്യം കണ്ടെത്താനുള്ള അന്വേഷണത്തിൽ ഓരോ പുതിയ സിദ്ധാന്തത്തെയും കാഴ്ചപ്പാടിനെയും നിരീക്ഷണപരീക്ഷണങ്ങളുടെ ചൂളയിൽവച്ച് പരിശോധിക്കുകയും അതികർശനമായ യാഥാർത്ഥ്യപരീക്ഷകൾക്കു വിധേയമാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒന്നും കേവലസത്യമായി ശാസ്ത്രത്തിൽ അംഗീകരിക്കുന്നില്ല. ഒരു സിദ്ധാന്തം ശരിയാണെന്നു തെളിയിച്ചാൽ പോരാ, അതു തെറ്റാണെന്നു തെളിയിക്കുകയാണ് (Principle of Falsifiability) ശാസ്ത്രത്തിന്റെ ആവശ്യം. സിദ്ധാന്തത്തിന്റെ അവസ്ഥ ഇതാണെങ്കിൽ സിദ്ധാന്തകാരനായ ഗുരുവിനും ഇതേ അവസ്ഥ തന്നെ. അതായത് ഗുരു പുതിയ വഴി കാണിക്കുന്നെങ്കിലും ഗുരുവിലല്ല സത്യത്തിന്റെ ആത്യന്തിക നിക്ഷേപം. അതുകൊണ്ട് യാതൊരുതരത്തിലുമുള്ള വ്യക്തിപൂജയും ഗുരുസങ്കല്പത്തിലില്ല. ഇതുകൊണ്ട് ബഹുമാനക്കുറവൊന്നുമില്ല എന്നോർക്കണം. ആശയത്തിന്റെ തലത്തിൽ ഗുരുവിനെ ചോദ്യം ചെയ്യുന്നത് അപമാനിക്കലല്ല. നേരേ മറിച്ച് ബഹുമാനിക്കലാണ് എന്നു പറയാം. കാരണം ഗൗരവമായ മറുചോദ്യം ഉന്നയിക്കത്തക്കവിധത്തിലുള്ള ഒരു ചോദ്യമോ സിദ്ധാന്തമോ ആണ് ഗുരു അവതരിപ്പിക്കുന്നതെന്നു ചുരുക്കം. യഥാർത്ഥ പാണ്ഡിത്യമുള്ള നല്ല ഗുരുക്കന്മാർ എപ്പോഴും ഈ ചോദ്യം ചെയ്യലിനെ സ്വാഗതം ചെയ്യുന്നവരാണ്. അപ്പോൾ ഗുരുവും ശിഷ്യനും തമ്മിൽ ഒരു പാരസ്പര്യം ഉണ്ടാകുകയും സത്യാന്വേഷണയജ്ഞത്തിൽ അവർ ഒരുമിച്ച് പങ്കാളികളാകുകയും ചെയ്യും.

ഭാരതീയരായ നമുക്ക് ഈ പുതിയ ഗുരുസങ്കല്പം അത്ര രുചിച്ചെന്നു വരികയില്ല. നമ്മുടെ പല ഗുരുക്കന്മാരും അവരുടെ പദവിയെ ദുരുപയോഗം ചെയ്യുന്നവരാണ്. ഗുരുസേവ എന്ന കപടവും ഉപരിപ്ലവവുമായ ബഹുമാനം ഗുരുക്കന്മാർക്കു നൽകാൻ പല വിദ്യാർത്ഥികളും അതു സ്വീകരിക്കുവാൻ കുറെ അധ്യാപകരും എപ്പോഴും തയ്യാറാണ്. അതുകൊണ്ട് വിജ്ഞാനത്തിനു വർധനയുണ്ടാകുന്നില്ല എന്നു മാത്രമല്ല വികലമായ ബന്ധങ്ങളും തെറ്റായ വിദ്യാഭ്യാസ ലക്ഷ്യങ്ങളും അനന്തരഫലമായി വരികയും ചെയ്യുന്നു.

അതായത് വ്യക്തിപൂജയ്ക്ക് ഉപരി സത്യാൽ സത്യമായതിനുവേണ്ടിയുള്ള അപരിമേയമായ അന്വേഷണവും സത്യത്തിന്റെ പ്രകാശത്തിൽ ഉല്ലസിക്കാനുള്ള ആർജ്ജവത്വവുമാണ് ഇവിടെ വ്യക്തമാകുന്നത്. പാശ്ചാത്യവും പൗരസ്ത്യവുമായ ക്രിസ്തീയ പാരമ്പര്യത്തിൽ 'വിശുദ്ധരാ'യി ജനങ്ങൾ കരുതിയിരുന്ന വ്യക്തികൾ ഈ ഗുരുസങ്കല്പത്തിലേക്ക് ഒരളവു

വരെ വളർന്നവരാണ് (Saint/Sages). ഇന്ത്യയിലും ആചാര്യൻ അഥവാ ഗുരു എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നത് ഈയൊരു അവസ്ഥയിലേക്ക് ഉയർന്നവരെയാണ്. ഇവിടെ വാക്കു കൊണ്ട് ഉള്ള പ്രബോധനം ആദ്യഘട്ടത്തിൽ മാത്രമേയുള്ളു. ഉയർന്നതലങ്ങളിൽ ഗുരു, പ്രകാശം പ്രസരിപ്പിക്കുന്നവനായി മാറുന്നു.

ഒരുദാഹരണമാണ് ക്രിസ്തുവിന്റെ രൂപാന്തരാനുഭവം (Transfiguration) സുവിശേഷങ്ങ ളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിശ്ശബ്ദവും പ്രകാശപൂർണ്ണവുമായ അനുഭവത്തിലേക്ക് പരിണമിക്കുന്ന ഗുരുവ്യക്തിത്വങ്ങളെക്കുറിച്ച് ഇന്ത്യയിലും എല്ലാ സംസ്കാരങ്ങളിലും ധാരാളം സൂചനകളുണ്ട്. നമ്മുടെ കാലത്ത് രമണ മഹർഷിയെപ്പോലെയുള്ളവർ ഇന്ത്യയിലെ ഉദാഹരണങ്ങളാണ്. കരുണയും മനുഷ്യസ്നേഹവും ഈ ഗുരുസങ്കല്പത്തിന്റെ അടിസ്ഥാ നശിലകളാണ്. ബഹുജനപ്രീതിയും സമ്പത്തും പരസ്യവും പ്രശസ്തിയും പരപുച്ഛവും പാണ്ഡിത്യഗർവ്വുമൊക്കെ പ്രകടിപ്പിക്കുന്ന ഗുരുക്കന്മാരെ ആഴമായ സംശയദൃഷ്ടിയോടെ നാം കാണണം. പരീശന്മാരായ ഗുരുക്കന്മാരെക്കുറിച്ച് ക്രിസ്തു പറഞ്ഞതുപോലെ അങ്ങാ ടിയിൽ വന്ദനവും 'റാബീ' (ഗുരു) എന്ന വിളിയും വിരുന്നുകളിൽ മുഖ്യാസനവും പ്രതീ ക്ഷിക്കുന്ന ഗുരുക്കന്മാർ വെള്ള തേച്ച ശവക്കല്ലറകളാണെന്നു ക്രിസ്തു പറഞ്ഞത് ഇന്നും പ്രസക്തമാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാ ഗുരുസങ്കല്പങ്ങളെയും അളന്നു നോക്കാവുന്ന ഒരു മാനദണ്ഡമാണിത്.

*('അദ്ധ്യാപക സ്മരണകൾ' (എഡി. തോമസ് കുരുവിള) എന്ന ഗ്രന്ഥത്തിൽ നിന്നും)*